**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 447** **08-10-2024 - ൽ മറുപടിയ്ക്ക്**

**തങ്കളം- കാക്കനാട് നാലുവരിപ്പാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | 01/11/2016 – ലെ G.O (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കാക്കനാട് – തങ്കളം നാലുവരിപ്പാതയുടെ ചെയിനേജ് 0/000 (മനയ്ക്കക്കടവ്) മുതൽ 27/324 (തങ്കളം) വരെയുള്ള ഭാഗമാണ് KRFB മുഖേന നിർവ്വഹണം നടത്തുന്നത്. 27.324 കി.മി. നീളം വരുന്ന പദ്ധതിയുടെ ചെറുവട്ടൂർ മുതൽ തങ്കളം (ചെയിനേജ് 20/000 മുതൽ 27/234) വരെയുള്ള ഭാഗത്തിന്റെ 255 കോടി രൂപയുടെ ഡി.പി.ആർ നിർവ്വഹണ ഏജൻസി 10/08/2020 – ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. ആയത് അവലോകനം നടത്തി ചെയിനേജ് 0/000 മുതൽ 27/324 വരെയുള്ള മുഴുവൻ സ്ട്രെച്ചും ഉൾപ്പെടുത്തി സമഗ്രമായ DPR സമർപ്പിക്കുവാൻ 04/06/2021 – ലെ സാങ്കേതിക അവലോകന റിപ്പോർട്ട് പ്രകാരം കിഫ്ബി നിർദേശം നൽകിയിരുന്നു.<br><br>പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നും സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ അലൈൻമെന്റും പ്രൊഫൈലും നിർവ്വഹണ ഏജൻസിക്ക് സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രൊഫൈൽ പ്രകാരം പല സ്ഥലങ്ങളിലും ഗ്രേഡിയന്റ് IRC അനുവദിക്കുന്ന ഏറ്റവും കൂടിയ ഗ്രേഡിയന്റ് ആയ 8 ശതമാനത്തേക്കാൾ അധികരിക്കുന്നതായി കണ്ടെത്തിയിരുന്നു. ആയതിനാൽ ഈ പാത IRC മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ഡിസൈൻ ചെയ്യുവാൻ സാധ്യമല്ലെന്ന് ഡിസൈൻ വിഭാഗത്തിൽ നിന്നും വ്യക്തമാക്കിയിരുന്നു.<br><br>ഈ വസ്തുതകൾ കണക്കിലെടുത്ത് പദ്ധതി സംബന്ധിച്ച് കിഫ്ബിയിൽ നിന്നും തീരുമാനമെടുക്കണമെന്ന നിർവ്വഹണ ഏജൻസിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ 12/05/2023 – |

| | | | |
|---|---|---|---|
| | | | ന് കിഫ്ബി ഉദ്യോഗസ്ഥർ പ്രസ്തുത അലൈൻമെൻറ് സന്ദർശിക്കുകയും, കാക്കനാട് മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെ (ചെയിനേജ് 0/000 മുതൽ 27/234 വരെ) ഉള്ള നിലവിലെ അലൈൻമെന്റ് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം പ്രായോഗികമല്ല എന്നും, മറ്റ് അലൈൻമെന്റുകളുടെ സാധ്യത പരിശോധിക്കുന്നതിനും 01/06/2023 – ലെ കത്ത് മുഖേന നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന് വേണ്ടിയുള്ള സാങ്കേതിക സഹായത്തിനായി നിർവ്വഹണ ഏജൻസി കിഫ്ബി TRC വിംഗിന്റെ സഹായം അഭ്യർത്ഥിച്ചിരുന്നു. ഇതിൻ പ്രകാരം കിഫ്ബി TRC വിവിധ അലൈൻമെന്റ് സാധ്യതകൾ പരിശോധിച്ച് വരികയാണ്. തങ്കളം മുതൽ വീട്ടൂർ വരെയുള്ള ഭാഗത്ത് പൊയ്യാലി ഉൾപ്പെടെയുള്ള മലനിരകളുടെ സാന്നിധ്യം മൂലം ഫീസിബിൾ ആയ അലൈൻമെന്റ് നിശ്ചയിക്കുന്നത് സമയം എടുക്കുന്ന പ്രക്രിയയാണെന്ന് കിഫ്ബി TRC വിംഗ് അറിയിച്ചിട്ടുണ്ട്.<br><br>കൂടാതെ പ്രസ്തുത റോഡിന്റെ ചെയിനേജ് 24/600 മുതൽ 26/057 വരെയുള്ള ഭാഗത്ത് ഭൂമിയേറ്റെടുക്കലിനുള്ള ഭരണാനുമതി സ്റ്റേറ്റ് ബഡ്ജറ്റ് ഫണ്ടിൽ നിന്നും 16/02/2016-ലെ GO (Rt) No. 373/2016/PWD നമ്പർ ഉത്തരവ് പ്രകാരം 20 കോടി രൂപ ലഭിച്ചിരുന്നതും, തുടർന്ന് അന്നത്തെ അർത്ഥനാധികാരിയായ മൂവാറ്റുപുഴ റോഡ്സ് ഡിവിഷനിൽ നിന്നും 12/12/2019 – ന് റവന്യൂ വകുപ്പിന് കൈമാറി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി അവസാന ഘട്ടത്തിലാണ്. സ്റ്റേറ്റ് ബജറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത ചെയിനേജിലെ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ തുടർ നടപടികൾക്കായി മൂവാറ്റുപുഴ റോഡ്സ് ഡിവിഷന് കൈമാറുന്നതിനുള്ള നടപടികൾ KRFB എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സ്വീകരിച്ചെങ്കിലും നാളിതു വരെ റോഡ്സ് വിഭാഗം പ്രസ്തുത ഫയലുകൾ ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. ആയതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നതായി നിർവ്വഹണ ഏജൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | തങ്കളം – കാക്കനാട് റോഡിലെ സ്റ്റേറ്റ് ബഡ്ജറ്റ് ഫണ്ട് വിനിയോഗിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലായ ചെയിനേജ് 24/600 മുതൽ 26/057 വരെയുള്ള ഭാഗം ഒഴിവാക്കിയതിനു ശേഷം കിഫ്ബി TRC വിഭാഗത്തിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അലൈൻമെന്റിന് അംഗീകാരം നൽകി അതിൻ പ്രകാരം DPR തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | ധനാനുമതിയ്ക്കായി കിഫ്ബിയിൽ പുനഃസമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ഇപ്രകാരം നിർവ്വഹണ ഏജൻസി DPR സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി / എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ